പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5959 — 28.03.2018 ൽ മറുപടിയ്ക്ക്

## വലിയതുറ സപ്ലൈകോ ഗോഡൗണിലെ ഹോർലിക്സ് തിരിമറി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്<br>ശ്രീ.പാറക്കൽ അബ്ദുല്ല<br>ശ്രീ.അബ്ദുൽ ഹമീദ് പി.<br>ശ്രീ.പി.കെ.അബ്ദു റബ്ബ് | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) വലിയതുറ സപ്ലൈകോ ഗോഡൗണിൽ മൂന്നര ലക്ഷത്തോളം രൂപയുടെ ഹോർലിക്സ് തിരിമറി നടത്തിയതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) യും (ബി) യും | ഉണ്ട്. |
| (ബി) ഈ കേസ് അട്ടിമറിക്കാനായി വിവിധ ഡിപ്പോകളിൽ നിന്നും പഴയ സ്റ്റോക്ക് എത്തിച്ചത് സംബന്ധിച്ച് വിജിലൻസ് പരിശോധന നടത്തിയിട്ടുണ്ടോ ; | | |
| (സി) പ്രസ്തുത തിരിമറി നടത്തിയ ഉദ്യോഗസ്ഥരെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | തിരുവനന്തപുരം ജില്ലാ ഡിപ്പോയിലെ നോൺ മാവേലി സാധനങ്ങളുടെ ചുമതലയുള്ള ഉദ്യോഗസ്ഥൻ ഉൾപ്പെടെ 7 പേരെ സസ്പെന്റ് ചെയ്യുകയും ഫോർട്ട് പീപ്പിൾസ് ബസാറിലെ ജീവനക്കാരനെ ജില്ലയ്ക്ക് പുറത്തേയ്ക്ക് സ്ഥലം മാറ്റുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ